**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3305** **26-06-2024 - ൽ മറുപടിയ്ക്ക്**

**ചലഞ്ച് ഫണ്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | **ആലപ്പുഴ മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം തുക അനുവദിച്ച സ്കൂളുകളുടെയും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (ബി) | ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ മണ്ഡലത്തിലെ സ്കൂളുകൾ കെട്ടിട നിർമ്മാണത്തിന്റെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (ബി) | **ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിയ്ക്കായി ആലപ്പുഴ മണ്ഡലത്തിലെ സ്കൂളുകളൊന്നും നിലവിൽ പ്രൊപ്പോസൽ നൽകിയിട്ടില്ല.** |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | സ്കൂളിന്റെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | എസ്.ആർ.ആർ എൽ.പി.സ്കൂൾ, പാട്ടുക്കുളം | 50 | നിർമ്മാണ പ്രവൃത്തികളുടെ ആദ്യ ഘട്ടമായി നൽകിയ 26,48,206/- രൂപ ബില്ലിൽ നിയമാനുസൃത കിഴിവുകൾ വരുത്തി ബാക്കി തുകയുടെ 50% ആയ 13,96,929/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് 43,85,558/- രൂപയുടെ അന്തിമ ബിൽ നൽകിയതിൽ ഒന്നാംഘട്ട ബിൽ കുറവ് ചെയ്ത് ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2. | സെന്റ് മൈക്കിൾസ് എച്ച്.എസ് തത്തംപള്ളി | 100 | കെട്ടിട നിർമ്മാണം പൂർത്തിയാക്കി ബിൽ നൽകിയത് പ്രകാരം സർക്കാർ വിഹിതമായി 50 ലക്ഷം രൂപ ടി സ്കൂളിന് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ